LIBRARY ARCHIVES Kerala Legislative Assembly

ആർ.ബി.ഡി.സി.കെ (Roads & Bridges Development Corporation of Kerala Limited) നിർമ്മിക്കുന്ന പാലങ്ങളിൽ നിന്നും കേരള റോഡ് ഫണ്ട് ആക്ട്, 2001 (10 of 2001) പ്രകാരം നിർമ്മാണച്ചെലവ് പരിഗണിക്കാതെ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ടോൾ പിരിക്കുന്നില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാ ദേശീയപാത വികസന പ്രവർത്തനങ്ങൾക്കും ടോൾ പിരിവ് ബാധകമാണ്.

**കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവ്**

12 (*672) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുറവ് ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനങ്ങളുടെയും അനധികൃത കടത്ത്**

13 (*673) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിലും സൗജന്യമായും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷ്യവസ്തുക്കളും ഇന്ധനങ്ങളും വ്യാപകമായി കരിഞ്ചന്തയിലേക്ക് പോകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2012-ലും 2013-ലും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര അളവിലുള്ള വസ്തുവകകൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാനടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2012-ൽ ഇത്തരത്തിലുള്ള 103 കേസ്സുകളും 2013 ൽ 108 കേസ്സുകളും ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; 2012-ൽ 114503.5 കി.ഗ്രാം അരി, 29519.5 കി.ഗ്രാം ഗോതമ്പ്, 10618.63 കി.ഗ്രാം പഞ്ചസാര, 25856 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തു. 2013-ൽ 906499 കി.ഗ്രാം അരി, 85687 കി.ഗ്രാം ഗോതമ്പ്, 2150 കി.ഗ്രാം പഞ്ചസാര, 25921 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ശരിയായി ഉറവിടമുള്ളതായി കണ്ടെത്തിയിട്ടില്ല. ടി കേസ്സുകളിൽ മിക്കവയും സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വഴിയിൽ വാഹനങ്ങളിൽ നിന്നും പിടിച്ചെടുത്തവയാണ്. കൂടാതെ ഗോഡൗണുകളിൽ നിന്നും അനധികൃത ശേഖരം കണ്ടെത്തിയവയുമുണ്ട്.

(ഡി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി

14 (*874) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly